പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6137 | 07.07.2014 ൽ മറുപടിയ്ക്ക് |
| കൽപ്പറ്റ മണ്ഡലത്തിൽ മാതൃകാ അംഗൻവാടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br><br>(സി) മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ)(ബി) &(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ യുടെ ശുപാർശ കത്ത് ലഭിച്ചിരുന്നു. എന്നാൽ ടി മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം 0.008 ഹെക്ടർ (2 സെന്റ്) വിസ്തീർണ്ണം മാത്രം ഉള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. മാതൃകാ അംഗൻവാടി നിർമ്മിക്കാൻ കുറഞ്ഞത് 10 സെന്റ് ഭൂമിയെങ്കിലും ആവശ്യമാണ്. മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയ ഉടൻതന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ